little KITEs

ലിറ്റിൽ കൈറ്റ്സ്

G H S S PATLA

# പൊലിമ

പൊലിമ

*--A little kite unit digital magazine of GHSS PATLA*

**ഉള്ളടക്കം**

വർണനയിലെ വാനം...........................................1
ജീവിതത്തിന്റെ കയ്പ്പ്.......................................2
പ്രതീക്ഷ.......................................................4
ജീവിതത്തിന്റെ കയ്പ്പ്.......................................6
പ്രളയത്തിൽ നിന്ന് പഠിച്ചത്................................7
പ്രളയത്തിൽ നിന്ന് പഠിച്ചത്................................10
കടൽ.........................................................12
കടൽ.........................................................13
കടൽ.........................................................14
ഏഴ് വർണ്ണമുള്ള മഴവില്ല്.....................................15
പുലർവേള....................................................16
പുലർവേള....................................................18
ROLE OF SOCIAL MEDIA IN THE SOCIETY ..........................................................20
ROLE OF THE SOCIAL MEDIA IN THE SOCIETY..........................................22

## വർണ്ണനയിലെ വാനം

വാർമുകിലിൻ വർണ്ണമോ ഈ-
രാവിന്റെ വാർമുകിലിൻ ചന്തമോ
മധുര സംഗീതം പോഴിക്കുമീ-
രാപാടിപാടിയതും ഈനിലാവിനോ
കിരണം ചാർത്തും സൂര്യനും
നീലിമ ചാർത്തും ചന്ദ്രനും
വെട്ടം തന്നതുമിതിനാണോ
മിന്നാമിനുങ്ങും പക്ഷിജാലങ്ങളും
വാർമിുകിലിൻ വർണ്ണവും രാപാടി
പാടിയ രാവിനും സമമാകുമോ
ചിറകിൽ വർണ്ണം ചാർത്തിയാലും
മയരം തോൽകും അഴകല്ലേ
പ്രഭാതത്തിനായ് തുള്ളിക്കളിക്കുന്ന
കുട്ടികൾ പോലും മോഹം നടിക്കുന്ന
ആ വാനിൽ തുള്ളിക്കളിക്കാൻ
മഞ്ഞും മഴയും വെയിലും പൂക്കാലവും
മാറി മാറി വരും ഋതുക്കൾ-
വാനത്തിൻ സമ്മാനമല്ലേ
ഒഴുകുന്ന ഓളവും നീന്തുന്ന

മത്സ്യവും ചുണ്ടിൽ ജപിക്കുന്നതും
നീലിമിഴിയിൽ കാണുന്നതും - ഈ
സുന്ദര വാനമല്ലേ
വേനലിൻ ചൂടും മഞ്ഞിൻ
തണുപ്പും പൂവിൻ സുഗന്ധവും
വാനത്തിൻ സമ്മാനമല്ലേ
സുന്ദര സ്വർഗ്ഗഭ്രമിയല്ലേ

-നഫീസത്ത് നജ്ല.പി.എ

## ജീവിതത്തിന്റെ കയ്പ്പ്

എന്റെ ജീവതമത്രയും
ഞാൻ ജീവിച്ചുതീർത്തത്
കയ്പ്പ് നിറഞ്ഞ
വഴികളിലൂടെയാണ്
ഞാൻ എൻ ജീവിതത്തിൽ
ഒരുപാട് ത്യാഗങ്ങൾ ഏറ്റു-
വാങ്ങി കണ്ണീരുകൊണ്ടു-
ഞാൻ എൻ ജീവിതം
കൊണ്ടുപോയി,കഷ്ടത-
കൾ ഒരുപാട് അനുഭവിച്ചു
രാവിലെ എണീറ്റു ഓടിഞാൻ
അടുക്കളയിലേക്ക് അപ്പവും
മറ്റുമുണ്ടാക്കി എൻകുഞ്ഞി-
നെ സ്കൂളിൽ അയച്ചു ഞാൻ
ഓടികിതച്ചു പോയിഞാൻ
അടുക്കള ജോലിയെടുക്കാനായ്
അടുക്കളജോലികഴിഞ്ഞാൽ
അങ്ങ് രാജേട്ടന്റെ വീട്ടിലും

പോകണം നേരമൊന്ന്
വയ്കിയാൽ കണ്ണുപൊട്ടുണ
ചീത്തപറയും ആ മനുഷ്യൻ
ജീവിതം എന്നെന്നും ഓടിത്തളർത്തി
ഞാൻ എൻ കുഞ്ഞിന്റെ ഭാവിക്കായ്.
അവന്റെ ജീവിതം ഒരിക്കലും ഇങ്ങനെ-
ആകരുത് എന്ന വാശിയിലായ്

ഞാൻ എൻ ജീവിതം
കയിപ്പ നിറഞ്ഞതാക്കി-
യെന്ന് കുഞ്ഞിനുവേണ്ടി
ജീവിത്തിൽ ഒരുപാട്
കയ്പ്പുറ്റ അനുഭവം
കണ്ടില്ല എന്നു വച്ചു ഞാൻ

ഇതിനായി ഓട്ടുന്നേരം
പലരുമെന്നെ പഴിപറഞ്ഞു
പലരുമെന്നെ പരിഹസിച്ചു
എന്നാലും ഞാൻ എന്റെ ജീവിതാ-
ഭിലാഷം നടപ്പാക്കുന്നതിനായ്
എല്ലാ കയ്പ്പുറ്റവാക്കുകളും
കേട്ടില്ലെന്നു കരുതി
എൻ ജീവിതം എന്നെന്നും

കയ്പ്പുറ്റതായിരുന്ന ഞാൻ
ജീവിച്ചതും കയ്പ്പുറ്റ ജീവിതം
കാരണം എൻ മകനെ
ഞാൻ ഒരിക്കലും
കയ്പ്പുറ്റജീവിതം അനുഭവിക്കാൻ
സമ്മതിക്കില്ലെന്ന വാശിമൂലം
എന്റെ ജീവിതം ഞാൻ ജീവിച്ചത്
കയ്പ്പുറ്റതായി

-അജ്മൽ അലി.കെ.എം

## പ്രതീക്ഷ

വിവിധ വർണ്ണങ്ങളാം വിശ്വം
ജീവിതം ക്ഷണഭംഗുരം
ഹ! എത്ര യാതന
സഹിച്ചിട്ടും ജീവിതം
ലൗകികമാം ജീവിതം ദുരിതം
സുഖം,ദുഃഖം എന്നീ നാണയ-
ഇരുവശങ്ങൾ സംഭവിച്ചീടുമെന്ന്
ഓർക്കണേ മനുഷ്യരേ...
ആനന്ദിച്ച് ഉല്ലസിച്ച് ജീവിതം
ഈ ഇഹലോകം മായമാണെന്ന്
ഓർക്കുക...ഹ! ജീവിതം എത്ര-
മാത്രം നിബിഡമായ വർണ്ണങ്ങൾ
പെട്ടെന്ന് ആ സുഖം മിന്നൽ
പോലെ മറഞ്ഞിടും...
റാന്തൽ വിളക്കിന് ഉപമയാം
ഈ ജീവിതം...

കയ്പ്പ് നിറഞ്ഞ ജീവിതം
ഓർക്കുക മനുഷ്യരെ
നിരാശയെ വെടിഞ്ഞ്

സുഖത്തെ പ്രതീക്ഷിക്കുവീൻ...
ജീവിതമാം സാഗരം ദുഃഖം
തിരയടിച്ച് അതിനെ മാറ്റി
സുഖം, ദുഃഖങ്ങൾ ജീവിതം
നയിക്കുവീൻ

തളരരുത്, പ്രതീക്ഷ അതാണ്
മനുഷ്യന്റെ ഊർജം
കൈവെടിയാതെ മുന്നോട്ടു
പോകുവീൻ മനുഷ്യരേ...

നിദ്രയാം ജീവിതം നിരാശ
എന്ന പദം ഉപേക്ഷിക്കു
പ്രതീക്ഷ എന്ന ജീവിത്തി-
ന്റെ കരുത്ത് ഉറപ്പിക്കു.
മായമായ ഇഹലോക ജീവിതം
ഓർത്ത് കരുത്താർജിച്ച്
പ്രതിസന്ധികൾ തരണം ചെയ്ത്
ജീവിക്കുവീൻ...
ഹ! ജീവിതം എത്ര കയ്പ്പ്
നിറഞ്ഞതാണ്..

-ആയിഷത്ത് ഷംലത്ത്

## ജീവിതത്തിന്റെ കയ്പ്പ്

ജീവിതം വെറും മായാജാലമാണ്...
അതിനെ തടയാൻ ആർക്കും സാധിക്കില്ല
ജീവിതത്തിന്റെ കയ്പ്പ് അനുഭവിച്ചവർക്ക്
മാത്രമേ അറിയത്തുള്ളൂ

എല്ല് മുറിയെ പണിതാൽ-
പല്ലുമുറിയെ തിന്നാം എന്നതാണ് ജീവിതം
ജീവിതത്തെ മറികടക്കാൻ ആർക്കും പറ്റില്ല
ജീവിതത്തേക്കാൾ വിലപിടിപ്പുള്ള എന്ത്-
ഉണ്ട് ഈ മണ്ണിൽ...
മറ്റുള്ളവർക്ക് പറഞ്ഞ് കൊടുക്കാനു-
ള്ളതല്ലാ ജീവിതം...
ജീവിതത്തിൽ എന്തെങ്കിലും-
കയ്പ്പ് പറ്റിയാൽ അത്
മായ്ക്കാൻ വലിയ പാടാണ്...
ജീവിത്തിൽ പല വിട്ടുവീഴ്ചകളും പറ്റാറുണ്ട്...
അത് അനുഭവിച്ചേ മതിയാവൂ...
ജീവിതത്തിന്റെ കയ്പ്പ്
ഒരു പൊള്ളലേൽക്കലാണ്.

-ആയിഷ നഹ്‌ല ടി.എച്ച്

## പ്രളയത്തിൽ നിന്ന് പഠിച്ചത്

ഇരുപതാം നൂറ്റാണ്ടിനു ശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയമാണ് 2018 ഓഗസ്റ്റ് മാസത്തിൽ കേരളത്തിന് എതിരേൽക്കേണ്ടി വന്നത്. അന്ന് കേരളം കാര്യമായി വളർച്ച പ്രാപിച്ചിരുന്നില്ല. എന്നാൽ ഇന്ന് ദശവർഷങ്ങൾക്കൊണ്ട് കേരളം നേടിയെടുത്ത വികസനപരമായ മാറ്റങ്ങളെല്ലാം പൊടുന്നനെ ജലത്തിനടിയിലായ പരിതാപകരമായ കാര്യമാണ് മലയാളികൾ നോക്കിനിൽക്കേണ്ടിവന്നത്. കേരളത്തിൽ പതിമൂന്നോളം ജില്ലകളിലും റെഡ് അലർട്ട് പ്രഖ്യാപിച്ചു എന്നത് തന്നെ പ്രളയത്തിന്റെ വലുപ്പം എത്രത്തോളമെന്നത് വ്യക്തമാക്കുന്നു.

പ്രളയാനന്തരം ഒരുപാട് കാര്യങ്ങളാണ് കേരളജനതയ്ക്ക് പഠിക്കാനുള്ളത്. അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങളും പ്രകൃതിയോടുള്ള അമിതമായ ചൂഷണവും ഒക്കെയാണ് ഇത്തരമൊരു മഹാപ്രളയത്തിലേക്ക് കേരളത്തെ കൊണ്ടെത്തിച്ചത്. അല്ലെങ്കിൽ, പച്ചപ്പാർന്ന ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണമുള്ള ജൈവസമൃദ്ധമായ

കേരളത്തിൽ ഒരിക്കലും ഇത് സംഭവിക്കേണ്ടതല്ല.

സാധാരണ എല്ലാ വർഷങ്ങളിലും 34-39 മില്ലീമീറ്റർ എന്ന തോതിലാണ് മഴ ലഭിക്കുന്നത്. എന്നാൽ ഈ വർഷം 90 മില്ലീമീറ്ററിലധികം മഴ ലഭിച്ചു. നിർത്താതെയുള്ള പേമാരി കേരളത്തിലെ എല്ലാ പുവകളിലും അനിയന്ത്രിതമായ ഒഴുക്കുണ്ടാക്കുകയും തന്മൂലം പുഴ കരകവിയുകയും പ്രദേശങ്ങൾ പൂർണമായും ജലത്തിനടിയിലാവുകയും ചെയ്തു. പല വീടുകളിലും പൂർണമായും വെള്ളത്തിനടിയിലായി. ഒഴുക്കിൽപ്പെട്ട് പലരും മരണപ്പെട്ടു.

ശക്തമായ രക്ഷാപ്രവർത്തനങ്ങളാണ് കേരളത്തിനെ അപകടങ്ങളുടെ തീവ്രതയിൽനിന്നും പിടിച്ചുയർത്തിയത്. നാവികസേനയും വ്യോമസേനയും കരസേനയും നാട്ടുകാരും രാഷ്ട്രീയപ്രവർത്തകരും തൊഴിലാളികളും എല്ലാം ഒരുമിച്ച് ഒരേ മനസ്സോടെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ആളപായങ്ങളുടെ എണ്ണം കുറഞ്ഞത്. അതിൽ ഏറ്റവും എടുത്തുപറയേണ്ടത് മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനമാണ്. രാവും

പകലും അവർ പ്രളയത്തിൽ അകപ്പെട്ടവരെ രക്ഷിക്കുന്ന തിരക്കിലായിരുന്നു. മറ്റുള്ളവരിൽ നിന്നും ഒരു സഹായവും പ്രതീക്ഷിക്കാതെ അവർ നടത്തിയ ആ മഹാസഹായഹസ്തം ഇന്ന് ഏറ്റവും വലിയ മനുഷ്യത്വത്തിന്റെ പ്രതീകമായി മാറിയിരിക്കുകയാണ്. അതുപോലെ പ്രളയജനത്തെയും നാട്ടുകാരെയും ബോധവത്കരിക്കുന്നതിലും നിർദ്ദേശങ്ങൾ കൈമാറുന്നതിലും ഏറ്റവും കൂടുതൽ പങ്കുവഹിച്ച ഘടകമാണ് സമൂഹമാധ്യമങ്ങൾ. ഒറ്റദിവസംകൊണ്ട് നേരംപോക്കിനും വിനോദത്തിനും മാത്രമായി ഉപയോഗിച്ചിരുന്ന സമൂഹമാധ്യമങ്ങളെ നമുക്ക് ഏറ്റവും വലിയ ജാഗ്രതാനിർദ്ദേശ മാർഗമാക്കി മാറ്റാൻ നമുക്ക് സാധിച്ചു എന്നത് വലിയ നേട്ടമാണ്. ഇങ്ങനെയൊക്കെ എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിച്ചിട്ടും ചിലർ അതിനോട് സഹകരിച്ചില്ല എന്നത് ഒരു പരിമിതിയാണ്. വെള്ളപ്പൊക്കമുണ്ടായിട്ടും രക്ഷാപ്രവർത്തനങ്ങളുടെ നിർദ്ദേശത്തിനനുസരിച്ച് ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറാതെ വീടിന്റെ രണ്ടാം നിലയിലേക്ക് താമസംമാറ്റുകയും വെള്ളമിറങ്ങും എന്ന് ആശ്വസിക്കുകയും ചെയ്തവരിൽ പലരും അവസാനം ഭക്ഷണമില്ലാതെ ദുരിതപൂർണമായി കഴിയേണ്ടി വന്നു എന്നതാണ് വാസ്തവം . നമ്മുടെ ജീവന് പ്രാധാന്യം

നൽകിക്കൊണ്ടാണ് രക്ഷാപ്രവർത്തകർ പ്രവർത്തിക്കുന്നത്. എന്നാൽ അവരുടെ നിർദ്ദേശം കൃത്യമായി അനുസരിക്കാനുള്ള മനോഭാവം പലർക്കും ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ അപകടങ്ങളുടെ എണ്ണം ഒരുപാട് കുറയ്ക്കാൻ നമുക്ക് സാധിക്കുമായിരുന്നു. ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറുക എന്നത് നാണക്കേടാണെന്ന് വിചാരിക്കാതെ ജീവൻ രക്ഷപ്പെടുത്തുകയാണ് അതിന്റെ ലക്ഷ്യം എന്ന് മനസ്സിലാക്കാൻ തയ്യാറാവുകയാണ് മലയാളികൾ ചെയ്യേണ്ടത്.

പുഴ കരകവിഞ്ഞതോടെത്തന്നെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ഡാമുകൾ നിറയുകയും ഉരുൾപൊട്ടലും കേരളത്തിന്റെ പ്രളയഭീകരത വളർത്തുന്നതിൽ വീണ്ടും കാരണമായി. ഇവയുടെ കാരണത്താൽ കേരളത്തിൽ പൂർണമായും ഗതാഗതതടസ്സം അനുഭവപ്പെട്ടത് രക്ഷാപ്രവർത്തകർക്ക് ദുരിതബാധിതരുടെ അടുത്തെത്തുന്നതിൽ പ്രയാസം സൃഷ്ടിച്ചു. ഇടുക്കി ഡാമിന്റെ ചെറുതോണി അണക്കെട്ട് തുറന്നതോടെ പല പ്രദേശങ്ങളും രണ്ടാൾപ്പൊക്കത്തിൽ വെള്ളത്തിലായി. ഏറ്റവും പരിതാപകരമായത്

കുട്ടനാടായിരുന്നു. സെക്കന്റിൽ 8.2 ലക്ഷം ലിറ്റർ എന്ന തോതിലാണ് ഇടുക്കി ഡാമിൽ നിന്നും വെള്ളം ഒഴുകിയത്. പക്ഷെ, സെക്കന്റിൽ 9.5 ലക്ഷം ലിറ്ററാണ് ഡാമിലേക്ക് ഒഴുകിയെത്തിയത്. കണ്ണൂരിലും വയനാടിലും ഉണ്ടായ ഉരുൾപ്പൊട്ടലും അമിതമായ ജലപ്രവാഹവും കേരളത്തെ ഉത്തരാഖണ്ഡിലെ പ്രളയഭീകരതയിൽ കൊണ്ടെത്തിക്കുകയായിരുന്നു.

രക്ഷാപ്രവർത്തകരും സംഘടനകളും രാഷ്ട്രീയപാർട്ടികളും പിന്നീട് ഒന്നിച്ച് പ്രവർത്തിക്കുകയായിരുന്നു. ദുരിതാശ്വാസക്യാമ്പുകളിലേക്ക് സഹായഹസ്തങ്ങൾ ഒഴുകിയെത്തി. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളും ലോകത്തെ പ്രമുഖരും അന്യരാജ്യങ്ങളും വൻതുകയാണ് കേരളത്തിൽ ദുരിതാശ്വാസനിധിയിലേക്ക് നൽകിയത്. പ്രളയബാധിതർക്ക് സഹായമെത്തിക്കാൻ എല്ലാവരും തിടുക്കം കാട്ടി. അവിടെ ജാതിയോ മതമോ ഉയർന്നവനെന്നോ താഴ്ന്നവനെന്നോ ഉണ്ടായിരുന്നില്ല. എല്ലാവരും സഹോദരങ്ങളെപ്പോലെയായിരുന്നു. ക്ഷേത്രങ്ങളിൽ മുസ്ലികളും പള്ളികളിൽ  ഹിന്ദുക്കളും അശ്രയം തേടി. ഈ കാര്യങ്ങൾ മനുഷ്യത്വം ഇനിയും

ഈ ലോകത്തിൽ ഇനിയും ബാക്കിയുണ്ട് എന്ന കാര്യമാണ് വെളിവാക്കുന്നത്. ഒരു ദുരിതം വരുമ്പോൾ ഒരു ജനതയ്ക്ക് അത്യാവശ്യമായും ഉണ്ടാകേണ്ട ഒരു കാര്യം മനുഷ്യത്വം തന്നെയാണ്.

പ്രളയാനന്തരം ദുരിതാശ്വാസക്യാമ്പുകളിൽ നിന്നും വീട്ടിലേക്ക് തിരച്ചെത്തിയ പലർക്കും എല്ലാം നഷ്ടപ്പെട്ടിരുന്നു. ജീവിക്കാൻ ഒരു മാർഗവുമില്ല. തൊഴിലില്ല, പാർപ്പിടവും ഭക്ഷണവും വസ്ത്രവുമില്ല. എല്ലാം ആദ്യം മുതൽ തുടങ്ങേണ്ട അവസ്ഥ. അതിൽ നിന്നും ഒരു വലിയ പാഠമാണ് നാം പഠിക്കാനുള്ളത്. പ്രകൃതിയെ അമിതമായി ഉപദ്രവിക്കുകയും ചൂഷണം ചെയ്യുകയും ചെയ്താൽ നമ്മെ നശിപ്പിക്കാൻ പ്രകൃതിക്ക് വേണ്ടത് വെറും ഒരു നിമിഷം മാത്രമാണ്. പണത്തിനോടുള്ള അഭിനിവേഷംകൊണ്ട് നാം ചെയ്ത പല പ്രവർത്തനങ്ങളും ഒറ്റ നിമിഷെകൊണ്ട് തകർന്നടിയുന്നതാണ് എന്ന കാര്യം നാം മനസ്സിലാക്കണം. അതിനാൽ ഇനിയുള്ള കാലം നാം ചെയ്യുന്ന ഓരോ വികസനപ്രവർത്തനങ്ങളും പ്രകൃതിയോടിണങ്ങുന്നതാകണം. അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങൾക്ക് പകരം ശാസ്ത്രീയമായ രീതിയിൽ ഇനി വരുന്ന പ്രകൃതി ദുരന്തങ്ങളെ

നേരിടാൻ കഴിയുന്ന വിധത്തിലുള്ള തരത്തിലാവണം ഓരോ വികസനപ്രവർത്തനങ്ങളും... പ്രകൃതിയിൽ പുഴയുടെയും കുന്നിന്റെയും തണ്ണീർത്തടങ്ങളുടെയും കാടിന്റെയും തനിമ നിലനിർത്തിക്കൊണ്ട് അവയെ നശിപ്പിക്കാതെ ജീവിക്കാൻ പഠിക്കണം. എങ്കിൽ മാത്രമേ കാരളത്തിന് വരുംകാല ലോകത്തെ അതിജീവിക്കാനാകൂ. പ്രളയെകൊണ്ട് നമുക്ക് ഉണ്ടായ സ്നേഹവും അനുകമ്പയും പരസ്പരസഹായമനോഭാവവും വരുകാലങ്ങളിലും നാം നിലനിർത്തണം. കേരളജനത ഒന്നിച്ചുനിന്നുകൊണ്ട് പ്രവർത്തിക്കണം. ഇതുവരെ നഷ്ടപ്പെട്ടതെല്ലാം തിരിച്ചുപിടിച്ച് പുതിയൊരു കേരളത്തിന് നമുക്ക് തുടക്കം കുറിക്കാം...

-ഷെഫിൻ മുഹമ്മദ് ടി.പി

## പ്രളയത്തിൽ നിന്ന് പഠിച്ചത്

പ്രളയം എന്ന് കേൾക്കുമ്പോൾ തന്നെ മനസ്സിൽ ഒരു പേടിയാണ്. കാരണം പ്രളയത്തിൽ നമുക്ക് ഒരുപാട് കാര്യങ്ങൾ നഷ്ടപ്പെടുന്നു. മനുഷ്യമൃഗം എന്നീ ജീവജാലങ്ങളുടെ ജീവൻ,വീടുകൾ,വയലുകൾ എല്ലാം നശിക്കുന്നു. പ്രകൃതിയുടെ ഭംഗി തന്നെ ഈ പ്രളയം വരുമ്പോൾ നഷ്ടമാകുന്നു.

ഈ പ്രളയം ഇപ്പോൾ അടുത്തായി വന്നത് നമ്മുടെ കേരളത്തിലാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് പറയുന്ന നമ്മുടെ കേരളത്തിൽ. ഈ പ്രളയത്തോടെ നമുക്ക് ഒരുപാട് കാര്യങ്ങൾ നഷ്ടമായിരിക്കുന്നു. ഈ പ്രളയം മൂലം നമുക്ക് എത്ര നഷ്ടങ്ങളാണ് വന്നത്. ഒരുപാട് വീടുകളും കെട്ടിടങ്ങളും കടകളും എല്ലാം പൊളിഞ്ഞ് വീണ് നാശമായി. നമ്മുടെ കേരളത്തിന്റെ സൗന്ദര്യം പോലും നമുക്ക് നഷ്ടമായി. പക്ഷെ നമ്മുടെ കേരളത്തിലെ മനുഷ്യരുടെ സ്നേഹം വർധിക്കുകയാണ് ചെയ്തത്. കേരളം എന്ന സ്ഥലത്ത് ഒരുപാട് മതങ്ങൾ ,ജാതി ആങ്ങനെ പല തരത്തിലുള്ള അന്ധവിശ്വാസങ്ങൾ കുടികൊള്ളുന്ന നാട്. മുസ്ലിമിന്റെ

പള്ളിയിൽ ഹിന്ദു കേറുവാൻ പാടില്ല എന്നും ഹിന്ദുവിന്റെ അമ്പലത്തിൽ മുസ്ലിം കേറുവാൻ പാടില്ല എന്നും പറഞ്ഞ് അടികൂടി തമ്മിൽ തല്ലി ജീവിക്കുന്ന ജനതയുടെ നാടായിരുന്ന കേരളം. മതത്തിന്റെ പേരിൽ നാം മനുഷ്യരാണ് എന്ന് മറന്ന സമൂഹമാണ്. പക്ഷേ ഈ പ്രളയം ദൈവം നൽകിയ അനുഗ്രഹമാണ്. കാരണം , മനുഷ്യരെ ജാതിയും മതവും അല്ല വലുത് ,മറിച്ച് മനുഷ്യസ്നേഹമാണ് എന്ന് ഈ പ്രളയം നമുക്ക് പഠിപ്പിച്ചു തന്നു. ഹിന്ദു എന്ന അന്യമതത്തിന്റെ ആരാധന സ്ഥലത്താണ് മുസ്ലിം അഞ്ച് നേരം നമസ്കരിച്ച്. അപ്പോൾ അവർക്ക് ഒരു പ്രശ്നവുമില്ല.  ഹിന്ദുവും മുസ്ലിമും അവിടെ പെരുമാറിയത് നാം ഒരു അമ്മയിൽ നിന്നുണ്ടായവർ എന്ന നിലയിലാണ്. പ്രളയം നമുക്ക് പഠിപ്പിച്ച് തന്നു, മനുഷ്യർ ഹിന്ദുവല്ല, മുസ്ലിമല്ല,കൃസ്ത്യനല്ല മറിച്ച് മനുഷ്യരാണ് എന്ന്. ദൈവത്തിന്റെ സ്വന്തമായ കേരളത്തിന് ഇത്ര വലിയ ദുരന്തം വന്നപ്പോൾ നമ്മെ സഹായിക്കാൻ എത്ര പേരാണ് മുന്നോട്ട് വന്നത്. എല്ലാവരും നമ്മോടൊപ്പമായിരുന്നു. അപകടങ്ങളിൽ സഹായിക്കാൻ ഒരുപാട് കരങ്ങൾ നമ്മോടൊപ്പം ഉണ്ട് എന്ന് നമുക്ക് മനസ്സിലായി. ആപത്ത്

വരുമ്പോൾ നാം ഒറ്റക്കല്ല. മറിച്ച് നമ്മളെ സഹായിക്കാൻ ഒരുപാട് പേർ നമ്മോടൊപ്പം ഉണ്ട് എന്ന് നമുക്ക് മനസ്സിലായി.

പണ്ട് നമ്മുടെ എങ്ങനെയായിരുന്നു. ചുറ്റും മരങ്ങൾ,പുഴ എവിടെ നോക്കിയാലും പച്ചപ്പ്. അങ്ങനെയുണ്ടായിരുന്ന കേരളത്തിലാണ് ഇന്ന് ഇത്രയും വലിയ ദുരന്തം നാം നേരിട്ടത്. ഈ പ്രളയത്തിൽ നിന്ന് നാം ഒരു കാര്യം പഠിച്ചു. മരങ്ങൾ നട്ടുപിടിപ്പിക്കണമെന്ന്. മരങ്ങൾ ഇല്ലാത്തത് കാരണമാണ് പ്രളയം വന്നത്. മരങ്ങൾ വെട്ടിമുറിക്കുമ്പോൾ നമ്മുടെ ജീപ്രവനെ തന്നെയാണ് നാം നശിപ്പിക്കുന്നത് എന്ന് ഓർക്കണം. പിന്നെ നാം പഠിച്ചത് എന്തിനെക്കുറിച്ച് എന്നാൽ ഭക്ഷണം പാഴാക്കുന്നതിനെയാണ്. നാം ഒരുപാട് ഭക്ഷണവും വെള്ളവും ആവിശ്യത്തിൽ കൂടുതൽ പാഴാക്കുന്നുണ്ട്. പക്ഷേ ഒരു പ്രളയം വന്നപ്പോൾ ആ ഭക്ഷണത്തിന്റെ വില നമുക്ക് മനസ്സിലായി. അങ്ങനെ എത്രഎത്ര കാര്യങ്ങളാ ഒരു പ്രളയം നമുക്ക് പഠിപ്പിച്ചു തന്നത്.

എന്റെ അഭിപ്രായത്തിൽ പ്രളയം ഒരു വേദനയും അനുഗ്രഹവുമാണ്. ഒരു ഭാഗത്ത് നിന്ന് നോക്കിയാൽ

കേരളത്തിലെ എല്ലാം നശിച്ചു. വീടുകളും,പാർക്കുകളും എല്ലാം. പക്ഷേ വേറെ ഭാഗത്തു നിന്നു നോക്കിയാൽ നമ്മുടെ സ്നേഹം അങ്ങ് ഉയർന്നു. ഈ പ്രളയത്തിൽ നിന്ന് ഒരുപാട് കാര്യങ്ങൾ പഠിച്ചു. നമ്മുടെ മനുഷ്യരുടെ തർക്കവും വൈരാഘ്യവും കണ്ട് ദൈവം നമുക്കായി തന്ന ഒരു അനുഗ്രഹമാണ് പ്രളയം. ജീവിതത്തിൽ മനുഷ്യൻ ഹിന്ദുവല്ല , മുസ്ലീമല്ല മനുഷ്യനാണ് എന്ന് പഠിപ്പിച്ച് തന്ന ഒന്നാണ് പ്രളയം.

-ഹർഷാദ് എഫ്

**കടൽ**

അതാ അവിടെയൊരു വെള്ളം
വെള്ളം പൊങ്ങി വരുന്നുണ്ട്
എൻ നാടിനെ തകർക്കാൻ
വീടുകളും കുടിലുകളും
കാശുള്ളവനും ഇല്ലാത്തവനും
എല്ലാവരും നശിക്കും

പിന്നെ കടലതാ ശാന്തമായി
അതിന്റെ മനോഹരമായ തിര
എന്റെ കാലിനെ തടവിയത്പോലെ
കാലിനതാ ഒരു കുളിർവ്
മൺതരികളിൽ എന്റെ പേരെഴുതി
ഒരു വമ്പൻ തിര വന്ന് മായിച്ചുകളഞ്ഞു
കടലിന്റെ മനസ്സും ശാന്തം

വേനൽക്കാലം വന്നു
തോട്ടിലും പുവയിലും കിണറിലും
വെള്ളം വറ്റി
കടലിൽ മാത്രം കുറച്ചു വെള്ളം
എല്ലാം സൂര്യന്റെ പൊള്ളുന്ന ചൂടിൽ
എല്ലാം വലിച്ചു തീർത്തു
കടലിനെ വറ്റിക്കാൻ കഴിഞ്ഞില്ല

ധാത്രി കരഞ്ഞു വെള്ളമില്ലാത്തതിനാൽ
കാര്യമറിഞ്ഞ സുഹൃത്ത് വിണ്ണും കരഞ്ഞു
വിണ്ണിന്റെ മിഴിനീർ ഒഴുകി
ഓരോ തുള്ളിയും വീഴുമ്പോൾ
കടൽ നിറഞ്ഞു
മണ്ണ് സന്തോഷിച്ചു വിണ്ണിനും സന്തോഷമായി
ഓരോ കടലും നിറഞ്ഞു

-ഫാത്തിമത്ത് ഷിഫാന എ.കെ

# കടൽ

കടലമ്മയുള്ളൊരു കടല്ഡ
തിരമാലയുള്ളൊരു കടൽ
മനുഷ്യരെ മുക്കിക്കൊല്ലും
വികൃതനായൊരു കടൽ

അക്കരെ ഉണ്ടൊരു കടൽ
ഇക്കരെ ഉണ്ടൊരു കടൽ
അക്കരേം ഇക്കരേം ഉള്ളൊരു
വികൃതനായൊരു കടൽ

കുട്ടികളെല്ലാം കളിച്ചു രസിക്കും
രസമുള്ള കുട്ടികളുടെ കടൽ
ആളുകൾ ചവറ് വലിച്ചെറിയും
ഉപ്പിൻ രുചിയുള്ള നമ്മുടെ കടൽ

കടൽ നിറയെ നീന്തിക്കളിക്കും
കുട്ടികൾക്ക് ഇഷടമായ
രസമുള്ള കടൽ

സൂര്യന്റെ വരവും പോക്കും
നന്നായി കാണുന്നൊരു കടൽ
ആളുകളെല്ലാം കാഴ്ച്ച കാണാൻ വരും

## മനോഹരമായ രസമുള്ള കടൽ

തോടുകളും പിന്നെ പുഴകളും
ഒന്നായെങ്കിൽ കടലായി
തോട്ടിലെയും പുഴയിലെയും
വെള്ളമെല്ലാം ഒന്നുതന്നെ

-ഫാത്തിമത്ത് ഷിഫാന എ.കെ

# കടൽ

വേഗ-വേഗത്തിൽ പാഞ്ഞുവരുന്ന
കുതിരയെപ്പോലെ ഈ ആരവം
നിദ്രയില്ല,ഒന്നുമില്ല എല്ലാ സമയവും
ഈ ജോലി, പാവമീ കടൽ ഏകൻ
സുന്ദരമായ കാഴ്ച തരും അതി-
സുന്ദരമായ കടൽ
ഉപ്പ് വെള്ളം,ഉപ്പ് വെള്ളം
ഉപ്പവെള്ളമാണിതിന്...

എല്ലാവരും കാണാൻ വരും
ഈ സുന്ദരമായ അമ്മയെ
കടലമ്മയെ...
ചന്നം പിന്നം പാഞ്ഞു വരും
ഈ കടലമ്മ, കടലിനടുത്തു-
ണ്ടൊരു മാനവർ
ഈ കടലിന്റെ ആഴം
എത്ര വലുത് എത്ര വലുത്...

എന്ത് രസമാ ഈ ആരവം-
പുറപ്പെടുന്നത് കാണാൻ

അങ്ങോട്ടുമിങ്ങോട്ടും
പാഞ്ഞ് വരും ഈ
സുന്ദരമായ കടൽ

-മുഹമ്മദ് ആദിൽ

# ഏഴ് വർണ്ണമുള്ള മഴവില്ല്

പുറത്ത് നല്ല മഴയാണ്. ശക്തമായ കാറ്റും ഉണ്ടെന്ന തോന്നുന്നു. രാവിലെ തുടങ്ങിയ മഴയാ... സന്ധ്യയാകാറായിട്ടും തീർന്നില്ല. നാശം പിടിച്ചൊരു മഴ. അമ്മു ജനലിനരികിലിരുന്നു പിറുപിറുക്കുന്നുണ്ടായിരുന്നു. ഇന്നലെ നട്ട എന്റെ പയറുചെടി ഈ മഴ നശിപ്പിച്ചുകാണും.

സന്ധ്യനേരമായി..."ഹാവൂ..! മഴ തീർന്നുകിട്ടിയല്ലോ..." അമ്മു തന്റെ പയറ് ചെടിയെ നോക്കാൻ അവളുടെ സ്വന്തം ടുക്കുടുക്കുട്ടനെയും കൂട്ടി. അവൾ പുറത്തേക്കിറങ്ങി. പുറത്ത് നല്ല വെളിച്ചം. മഴ കഴിഞ്ഞില്ലേ.., അതിന്റേതായിരിക്കുമെന്ന് അവൾ കരുതി. പയറ് ചെടിയെ ലക്ഷ്യമാക്കി അവൾ മുറ്റത്തുടെ നടക്കുമ്പോൾ ആകാശത്ത് ഏഴ് വർണ്ണങ്ങളിലായി എന്തോ തിളങ്ങുന്നത് കണ്ടു. അവൾക്കു ഏഴ് വയസ്സേയുള്ളൂ. അവൾക്ക് തോന്നി ,എന്റെ വയസ്സ് ഏഴ്. അപ്പോൾ അത് എന്റെ വയസ്സ് കാട്ടിത്തരുകയായിരിക്കും. അത് കണ്ടപ്പോൾ അവൾക്ക് പയറ് ചെടി മറന്നുപോയി.

അവൾ നേരെ ടുക്കുടുക്കുട്ടനെയും കൂട്ടി അമ്മയുടെ അടുത്തേക്ക് ഓടി. എന്നിട്ട് പറഞ്ഞു. "അവിടെ പുറത്ത് ഏഴ്വ നിറങ്ങളിലായി എന്തോ ഉണ്ട്. എന്റെ വയസ്സ് ഏഴ്, അതിന്റെ നിറങ്ങളും ഏഴ്. അത് എന്റെ വയസ്സ് കാട്ടിത്തന്നതായിരിക്കും അല്ലേ അമ്മേ...?" സംസാരം കേട്ട് അമ്മ ചിരിച്ചുപോയി. അമ്മ പറഞ്ഞു-അത് നിന്റെ വയസ്സ് കാട്ടിത്തരുന്നതല്ല.അതാണ് മഴവില്ല്. അവൾ പറഞ്ഞു -മഴവില്ല് എന്ന് ഞാൻ കേട്ടിട്ടേയുള്ളൂ... കാണുന്നത് ആദ്യമാ... അതു കാണാൻ എന്തൊരു ഭംഗിയാ... എന്നു പറഞ്ഞ് അവൾ ടുക്കുടുക്കുട്ടനെയും കൂട്ടി പുറത്തേക്കോടി. എന്നിട്ട് അത് ടുക്കുടുക്കുട്ടനെയും കാണിച്ചു. അവന് കാണുന്നുണ്ടോ എന്ന് അറിയില്ല. അവൻ എന്റെ കരടിപ്പാവക്കുട്ടിയാ.... അവൾ മഴവില്ല് മായുന്നത് വരെ അവിടെ നിന്നു.കുറച്ചു കഴിഞ്ഞ് വെള്ളത്തിലും അതേ നിറങ്ങൾ. പെട്ടെന്നാണ് അവൾക്ക് പയറുചെടിയുടെ ഓർമ്മ വന്നത്. അവൾ പയറുചെടിയുടെ അടുത്തേക്ക് പോയി. പയറുചെടി നട്ടതുപോലെ ഒന്നും പറ്റാതെ അവിടെത്തന്നെ നിൽക്കുന്നു. പാവം മഴയെ വെറുതെ കുറ്റം പറഞ്ഞു. അത് വേണ്ടായിരുന്നു. അങ്ങനെ അവൾ ആദ്യമായി

മഴവില്ല് കണ്ടു. എന്തൊരു ഭംഗിയായിരുന്നു മഴവില്ല് കാണാൻ. അത് മാഞ്ഞുപോകണ്ടായിരുന്നു.

-ഫാത്തിമത്ത് ഷദ കെ.എസ്

# പുലർവേള

പ്രഭാത സൂര്യൻ ഉദിച്ചു. അലാറം അടിക്കുന്നത് കെട്ടിട്ടും മീനുക്കുട്ടി പുതപ്പും പുതച്ച് കിടന്നുറങ്ങുകയാണ്. അമ്മ വന്ന് കതകിൽ തട്ടിയിട്ടും മീനുക്കുട്ടി തിരിഞ്ഞും മറിഞ്ഞും കിടന്നതല്ലാതെ എണീറ്റതേയില്ല. സമയം ഏഴുമണിയാകാറായിരിക്കുന്നു. മീനുക്കുട്ടി അത്കണ്ട് പെട്ടെന്ന് എഴുന്നേറ്റ് ബാത്തിറൂമിലേക്കോടി. കാരണം സ്കൂൾ ബസിന്റെ സമയം ഏഴരയായിരുന്നു. മീനുക്കുട്ടിക്ക് ഇന്ന് പരീക്ഷാദിവസമായിരുന്നു. മീനുക്കുട്ടി പെട്ടെന്ന് യൂണിഫോം ധരിച്ച് ഭക്ഷണം കഴിക്കാനായി ഓടിച്ചെന്നു. അമ്മ അപ്പോഴേക്കും ഭക്ഷണമെല്ലാം തയ്യാറാക്കിവെച്ചിരുന്നു. മീനുക്കുട്ടി ഭക്ഷണം കഴിച്ച് ബാഗിടുമ്പോഴാണ് ബസിന്റെ ഹോൺ കേട്ടത്. അത് കേട്ടതോടെ മീനുക്കുട്ടി അമ്മയ്ക്ക് ഉമ്മയും കൊടുത്ത് റ്റാറ്റ പറഞ്ഞ് ബസിലേക്ക് ഓടിക്കയറി. അങ്ങനെ മീനു പരീക്ഷ എഴുതി നല്ല റാങ്കോടെ പാസായി. ഇനി മീനുവിന്റെ വെക്കേഷൻ ദിവസങ്ങളാണ്. മീനുക്കുട്ടിക്ക് അധികം കൂട്ടുകാരൊന്നും ഇല്ലായിരുന്നു. എപ്പോഴും

ഫോണിലായിരുന്നു കളി. അവൾ അമ്മയോടൊപ്പം സാധനങ്ങൾ വാങ്ങാൻ പോകുന്ന വഴികളിൽ മറ്റു കുട്ടികൾ കളിക്കുന്നത് കാണുമ്പോൾ മീനുക്കുട്ടിക്ക് അറപ്പായിരുന്നു. കാരണം മീനുക്കുട്ടിക്ക് മണ്ണപ്പം ചുട്ടുള്ള കളിയൊന്നും ഇഷ്ടമല്ലായിരുന്നു. അവൾ പുതുതലമുറയെ പിൻപറ്റിയാണ് ജീവിക്കുന്നത്. അങ്ങനെ അവളുടെ വെക്കേഷൻ കാലവും കഴിഞ്ഞു.

ഇന്ന് മീനുക്കുട്ടിയുടെ ആദ്യ കോളേജ് ദിവസമാണ്. മീനു സന്തോഷത്തോടെ തുള്ളിച്ചാടി കോളേജിലേക്ക് പോകാൻ തയ്യാറായി. അവൾക്ക് പുതിയ സ്കൂളിൽ ചെയ്യേണ്ട കാര്യങ്ങൾക്കായി ഒരു വലിയ പ്ലാൻ തന്നെ ഉണ്ടായിരുന്നു. കോളേജിലെത്തിയതോടെ കുറച്ചുദിവസങ്ങൾക്കകം തന്നെ അവൾക്ക് ഒരുപാട് കൂട്ടുകാരികളെ കിട്ടി. അവൾ അവരുടെ കൂട്ടുകാരുമൊത്ത് അടിച്ചുപൊളിച്ച് സ്കൂളിൽ കഴിഞ്ഞു. അങ്ങനെ ഇരിക്കുമ്പോഴാണ് ഒരു ദിവസം അവളുടെ ഫോണിലേക്ക് ഒരു മെസേജ് വരുന്നത്. അത് കണ്ട് അവൾ ഭയന്നുവിറച്ചുപോയി. അവൾ അത് ആരോടും പറയാതെ എല്ലാം മറച്ചുവച്ച് തനിച്ച് വിങ്ങിപ്പൊട്ടി അവൾ സ്കൂളിൽ തനിച്ചിരുന്ന് ചിന്തിക്കാനും കരയാനും തുടങ്ങി. അവളോട് അവളുടെ

ടീച്ചർമാരും കൂട്ടുകാരും മാറിമാറി ചോദിച്ചെങ്കിലും അവൾ ആരോടും പറയാൻ തയ്യാറായില്ല. അവസാനം അവൾ അവളുടെ അടുത്തകൂട്ടികാരിയോടെ എല്ലാം തുറന്നു പറഞ്ഞു. അവളെ ഒരു പയ്യൻ ഫോൺ വഴി ചതിച്ചിരിക്കുകയാണ്. അവന് അവളുടെ ഫോട്ടോ ലഭിച്ചിട്ടുണ്ട്. അത് വച്ച് അവളെ നശിപ്പിക്കുമെന്നാണ് അവളെ ഭയപ്പെടുത്തുന്നത്. ആ വാക്കുകളെ പറ്റി ആലോചിച്ച് അവൾ മാനസികമായി തകരാറിലാവുകയും അവളെ ഭ്രാന്താശുപത്രിയിൽ ആക്കുകയുമാണ് അവസാനം ചെയ്തത്. ഇതറിഞ്ഞ് അവളുടെ കൂട്ടുകാരി എല്ലാവരോടും കാര്യം തുറന്നു പറയുകയും ഇക്കാര്യം എല്ലാവരും അറിയുകയും ചെയ്തു. അവളുടെ ജീവിതം തന്നെ ഇല്ലാതായി.

ഇനിയും ഇതുപോലെ ഒരു പെൺകുട്ടിക്കും വരാതിരിക്കട്ടെ. ഇനിയൊരു പുലർവേളയ്ക്കായി കാത്തിരിക്കാം.

-ഫാത്തിമത്ത് നജ

# പുലർവേള

ഒരിടത്ത് സാബു എന്ന ഒരു കൃഷിക്കാരനുണ്ടായിരുന്നു. അയാളുടെ ഭാര്യയുടെ പേര് മീനാക്ഷി എന്നാണ്. അയാൾ അവളെ മീനു എന്നാണ് വിളിച്ചിരുന്നത്. അയാൾ എല്ലാ ദിവസവും പുലർച്ചയ്ക്ക് എഴുന്നേൽക്കുമായിരുന്നു. അയാൾ എഴുന്നേറ്റ് കുളിച്ച് വൃത്തിയായി പണിയെടുക്കാൻ പോകും. അങ്ങനെ പുലർച്ചയ്ക്ക് പണിയെടുക്കാൻ പോകുന്ന സാബു വൈകുന്നേരം വരെ കൃഷി ചെയ്തിട്ടാണ് വീട്ടിലേക്ക് വരുന്നത്. വീട്ടിൽ എത്തിയാൽ ഭാര്യ അയാൾക്ക് ഭക്ഷണം നൽകും. അത് കഴിച്ച് അയാൾ ഉറങ്ങും. എന്നിട്ട് രാവിലെ എണീറ്റ് പണിക്ക് പോകും.

അങ്ങനെയിരിക്കെ അയാൾക്കൊരു ബുദ്ധി തോന്നി. ഇങ്ങനെ പുലർച്ചെ എഴുന്നേറ്റ് പണിയെടുത്തിട്ട് എന്ത് ഗുണമാണുള്ളത്...വെറുതെ ഉറക്കം കളയുന്നതെന്തിനാണ്. അങ്ങനെ അയാൾ എന്നും പുലർച്ചേ സമയത്ത് ഉറങ്ങാൻ തുടങ്ങി. എന്നിട്ട് രാത്രി വരെ പണിയെടുത്തു. പുലർച്ചയ്ക്ക് എഴുന്നേറ്റ് പണിയെടുക്കുന്നതങ്ങ് നിർത്തിയോ എന്ന് ഭാര്യ ചോദിച്ചു. അപ്പോൾ അതെ എന്ന് പറഞ്ഞു.

പതിയെപ്പതിയെ അയാൾ മടിയനായിത്തുടങ്ങി. രാവിലെ എഴുന്നേറ്റ് പണിയെടുത്തിരുന്ന അയാൾ ഇപ്പോൾ ഉച്ചയ്ക്ക് നല്ല വെയിലുണ്ടെന്ന് കരുതി പണിയെടുക്കാതെയിരുന്നു. അങ്ങനെ അയാളുടെ കൃഷി ചെയ്തുണ്ടാക്കിയ ലാഭമെല്ലാം കുറഞ്ഞു വന്നു. അയാളുടെ ജീവിതം വളരെ കഷ്ടതയിലേക്ക് നീങ്ങിക്കൊണ്ടേയിരുന്നു. അങ്ങനെ വിളവ് കുറഞ്ഞതോടെ അവരുടെ കഷ്ടപ്പാടു കൂടുകയും അയാൾ കടക്കെണിയിൽ അകപ്പെടുകയും ചെയ്തു. അങ്ങനെ അവരുടെ ദുരിതം കനത്തതോടെ ഭാര്യ അയാളുമായി പിരിഞ്ഞ് ഭാര്യവീട്ടിലേക്ക് പോയി. അങ്ങനെ അയാൾ ഒരു മുഴുക്കുടിയനായി മാറി. അയാളുടെ ആ ദയനീയ അവസ്ഥ കണ്ട് ആ നാട്ടിലെ പ്രമാണിയായ നാട്ടുകാരുടെ എല്ലാമെല്ലാമായ ദാമോദരൻ എന്ന് ആൾ സാബുവിന്റെ അടുക്കൽ ചെന്നു. അയാൾ സാബുവിനോട് ചോദിച്ചു -"നിന്റെ അവസ്ഥ വളരെ ദയനീയമാണല്ലോ... നിനക്ക് എന്ത് പറ്റി സാബുവേ... പണ്ട് താൻ വളരെ സന്തോഷത്തിലാണ് ജീവിച്ചിരുന്നത്. ഇപ്പോൾ എന്ത് പറ്റി...'' അപ്പോൾ സാബു അയാളുടെ എല്ലാ കാര്യവും പറഞ്ഞു. പണ്ട് സാബു പുലർച്ചയ്ക്ക് എഴുന്നേറ്റ് പണിയെടുത്തിരുന്നെന്നും ഇപ്പോൾ വെറും മടിയനായി മാറിയെന്നും അയാൾ

പറഞ്ഞു. അങ്ങനെ മുതലാളി പറഞ്ഞു - നിനക്ക് പുലർച്ചയ്ക്ക് എഴുന്നേറ്റാൽ ഒരു പ്രശ്നവും കൂടാതെ ഉറങ്ങുകയും ചെയ്യാമല്ലോ... കുറച്ച് പ്രയാസപ്പെട്ടിട്ടാണെങ്കിലും രാവിലെ എണീക്കണം. കാരണം ആ പുലർവേളയ്ക്കുണ്ടാകുന്ന പ്രകൃതിയുടെ സൗന്ദര്യം കാണുമ്പോൾ

ഏതൊരാളുടെയും മനസ്സിന് സന്തോഷം കിട്ടും. പുലർച്ചയ്ക്കുള്ള ആ പ്രകൃതിയുടെ മനോഹാരിത നാം ആസ്വദിക്കണം. എന്നാലേ നമ്മുടെ ആ ദിവസം സന്തോഷവും ഭംഗിയുള്ളതുമാവുകയുള്ളൂ.

അങ്ങനെ സാബു പുലർച്ചേ എഴുന്നേറ്റ് നല്ല രീതിയിൽ പണിയെടുക്കാൻ തുടങ്ങി. അങ്ങനെ അയാളുടെ ജീവിതം പഴയത്പോലെ ആവുകയും ഭാര്യ അയളോടൊപ്പം വരുകയും ചെയ്തു. അങ്ങനെ സാബു ആ നാട്ടിലെ നല്ല അധ്വാനിയും അറിയപ്പെടുന്ന കൃഷിക്കാരനുമായി മാറി.

-അഹമ്മദ് നിഹാദ് ടി.എച്ച്

# ROLE OF SOCIAL MEDIA IN THE SOCIETY

We are living in a generation where social media is essential for our existance. Is'nt it?. Can we imagin a life without these social media. No, it is impossible,because these social media play a major role in our society. But is it good for us?

Social media have a major role in forming a society as these media are major reasons for the change in the behaviour and attitude of our society. Social media are similar to a coin as they have two sides. A good side and bad side. The side will change according to the user. 50 % of the people in the society utilizes social media property and the remaining 50% misuse it.

As we said that these social media have merits and demerits. How this affect our society?.lets go through it...

what are the good qualities of social media? These media are good pathway for developing our personal and public qualities. We can be educated by these media and we can use media for developing our knowledge,our qualification etc... And by these media, we can develop the socio-economic growth of our country. We know

that the development of each and every individual in a in a country will also help in the progress of a society or nation. We can update our knowledge and better know -how about technologies and will the news and latest problems reach us very fast through this media. Because of this media we are able to recognise and learn about the problems calamities and everything all over the world. There are lots and lots of merits and good qualities for social media , beside that there is demerits too for or while using these social media.

We said that there is demerits too while social media. How these media becomes danger?... is there any role in the crimes and troubles now a days? Yes, social media have a major role in these problems and in changing ones mental and physical condition. Whatsapp,facebook,twitter,hike,youtube,instagram are the social media which we are familiar with. But there are many bad things included in it. But unknowingly we are fall to it.

If ones trapped in these media,we cannot easly come back to our normally life. That is why our society fails in bringing out a good development. A big example for the demerits of

social media is one of the game namely 'blue whale' spreading now a days. That game took away two or more lives. And affairs and relationship on facebook and whatsapp with strangers that cause

great loss to the individuals and also by watching and addicted to worse videos and feelings etc... all these things can change ones behaviour and attitude towards others and there by increasing crimes etc... this will deadly affect the society, but how can we overcome these problems? Is there any solution?

Yes we can. There is solution for this. We can bring those addicted people back to life and can prevent them from these affairs and other misuses. we should try to prevent them from the first stage itself.

Social media play a major role in forming a good nor a bad society. The condition of society depend on the people using social media in that society. If all the people or members of a society utilizes  social media property and develops good character and qualification we can form a good society. But beside it any of them misuse it, it will

badly affect the society

we, each and everyone of the society should take pledge that we will utilize social media's property and will never misuse it and if anyone misuse it, we should prevent them.

-Fathima Amal Farhath

# ROLE OF THE SOCIAL MEDIA IN THE SOCIETY

World is changing day by day. Inventions had made a miracle in the world. Now the world is in the tip of the hand. Everything is available in the change in this society.

What is social media?... social media is used popularly among the people. It has many benefits and also bad affects. We have the choice to use it in the right path.

Now, internet is the king of social media. Most of the houses have this facility. Mobile phone becomes a main part of this many application such as whatsapp,facebook etc... are some of this which is mostly misused by the people.

Every morning begins with a news affecting social media. There are many incidents were people faces difficult of using internet. The main reason is the unknown use of this

Besides this, internet also have some benefits. Now, it is very easy to communicate with others

and understand everything happening in the world using internet. There are some application that make us or move us into a good way. But some of them beings unwanted applications and people are forced to use them.

Children are the main users of internet and also they are the main misuses. It is good and a part of education to use internet. But the unknown children comes under the misuses mainly because of their careless parents.

In olden days there was less facilities people had faced a harder life moreover, their life had no problems facing social media. They also used a way of communication which strengthened their relations each other. That relation was a powerful one.

Now, not only mobile phones, people uses computers,laptop etc... and the main devices for children was tablet,i pad etc... in the childhood of the children parents give them small devices like tablet for playing games. when they are grown up,this changes to mobile phone and laptop. If the children misuse should be less the care of parents should be more. Changes of people is the changes of society. If its is in the right way, we gains a better society. So we are responsible for making

changes.

Peoples mind is addicted towards the social media resources. Mainly adolescence get trapped here. It is mainly because of the feature of their age.

Future is in the hands of children. If we are giving good training on the advantages and disadvantages of internet we can being some of the hands in the right path and make a good use of social media.

In every inventions, there should be a good result. So increasing a bad affects are not good result. We should try to being a good society.

Advantages and disadvantages of social media are known well. We should being a good society together. Be a part of this. Think what to choose...

-Shibila P.B